11

# ക്രിസ്തുവിലുള്ള പുതുജീവൻ 1
# കൊലൊസ്യർ 3:1- 4

**ഉയരത്തിലുള്ളത് അന്വേഷിക്കൽ (3:1–4)**

**1ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. 2ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിച്ചുകൊൾവിൻ. 3നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. 4നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ, നിങ്ങളും അവനോടുകൂടെ തേജസിൽ വെളിപ്പെടും.**

**“ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു” (3:1)**

മിക്ക സഭകൾക്കുമുള്ള ലേഖനങ്ങളിലേതുപോലെ, കൊലൊസ്യ ലേഖനത്തിലും, പൗലൊസ് ആദ്യം അടിസ്ഥാനമിട്ടതിനുശേഷമാണ് ഉപദേശസംബന്ധമായ കാര്യങ്ങൾ പരിഗണിച്ച് ജീവിത രീതിയെ വളർത്തുവാൻ നിർദ്ദേശിച്ചത്. പൗലൊസ് ആ ഘടനയാണ് പൗലൊസ് 3:1 ൽ ഉപയോഗിച്ചതെന്ന് **ആകയാൽ** എന്ന വാക്ക് വ്യക്തമാക്കുന്നു.[1]

തന്റെ ലേഖനത്തിലെ ആരംഭ ഭാഗത്തിൽനിന്നു (1:12–2:23) പിന്നീട് വരുന്ന ലേഖനത്തിലെ മുഖ്യഭാഗത്തിലേക്ക് പൗലൊസ് മാറുന്നതിനെയാണ് കൊലൊസ്യർ 3:1–4 പ്രതിപാദിക്കുന്നത് (3:5–4:6). തത്വജ്ഞാനത്തെ കുറിച്ചും ദുരുപദേശങ്ങളെ കുറിച്ചുമുള്ള ചർച്ച 2:8–23 ൽ പൂർത്തിയാക്കുകയും തുടർന്ന് ക്രിസ്തുവിലുള്ള പുതിയ ജീവൻ വളർത്തിയെടുക്കുന്നതിനെ കുറിച്ചുള്ള ചർച്ച തുടങ്ങുകയും ചെയ്തു. 2:20–23 ൽ എന്തുകൊണ്ട് കൊലൊസ്യർ തത്വജ്ഞാനവും ലോകത്തിന്റെ ആദ്യപാഠങ്ങളും സ്വീകരിക്കരുത് എന്നു പറഞ്ഞശേഷം, ക്രിസ്ത്യാനികൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ ക്രിയാത്മകവും നിഷേധവുമായ കാര്യങ്ങൾ 3:1–14 ൽ പറയുന്നു.

മുൻപ് പറഞ്ഞ കാര്യങ്ങളെ ഉദ്ദേശിച്ചുകൊണ്ടാണ് പൗലൊസ് **ആകയാൽ** എന്നു പറഞ്ഞ് ഒരു ഭാഗം ആരംഭിക്കുന്നത്. കൊലൊസ്യയിലെ ക്രിസ്ത്യാനികൾ സ്നാനത്തിൽ, ക്രിസ്തുവിനോടുകൂടെ മരിക്കയും (2:20) അവനോടുകൂടെ ഉയർക്കുകയും ചെയ്തു (2:12, 13). സ്നാനപ്പെട്ടപ്പോൾ, അവർ യേശുവിന്റെ മരണത്തിലും, അടക്കത്തിലും, ഉയർപ്പിലും പങ്കാളികളാകുകയും അങ്ങനെ അവർ ആത്മിയമായി ജീവിക്കുകയും ചെയ്തു. ക്രിസ്തുവിനോടുകൂടെ അവർ അനുഭവിക്കുന്ന മാറ്റം ചർച്ച ചെയ്യുവാനായി അവരെ ഈ ചിന്തയിലേക്ക് തിരിച്ചുകൊണ്ടുവരികയാണ്.

കൊലൊസ്യർ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റു എന്ന കാര്യത്തിൽ സംശയം ജനിപ്പിക്കുന്നതിനായിരുന്നില്ല എങ്കിൽ എന്ന നിബന്ധനാ പ്രയോഗം 2:20 ലേതുപോലെ വാക്യം 1-ൽ ഉപയോഗിച്ചത്. മറിച്ച്, അവർ

സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റപ്പോൾ തുടങ്ങിയ പുതിയ ജീവൻ ഒരു വെല്ലുവിളിയായിട്ടാണ് ചർച്ച ആരംഭിക്കുന്നത്. "എങ്കിൽ" എന്ന വാക്കിന് പകരം "ആകയാൽ" എന്നും തർജിമ ചെയ്യാം. ആ ഉറപ്പ് നൽകിയശേഷം, ഉയരത്തിലുള്ളത് അന്വേഷിപ്പാനാണ് പൗലൊസ് പറയുന്നത്. അവനോടുകൂടെ അവർ പുതിയ ജീവിതത്തിലേക്ക് പ്രവേശിച്ചതുമുതൽ, "ഉയരത്തിലുള്ളതിനു" വേണ്ടിയായിരിക്കണം ജീവിക്കേണ്ടത്.

**ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേൽക്കുന്നതിനു** മുൻപ്, അവർ അവനോടുകൂടെ അടക്കപ്പെട്ടു, അപ്പോഴായിരുന്നു അവർ പാപസംബന്ധമായി മരിച്ചത് (റോമർ 6:1–6; കൂടാതെ 3:3, 4 ലെ "അവനോടുകൂടെ" എന്നതിന്റെ ചർച്ച നോക്കുക), അതോടുകൂടെ ലൗകിക ചട്ടങ്ങൾ സംബന്ധിച്ചും മരിച്ചിരുന്നു. മുൻകൂട്ടിയുള്ള രണ്ട് ഉദ്ദേശങ്ങൾ പൗലൊസ് പറഞ്ഞിരിക്കുന്നു: അവർ ക്രിസ്തുവിനോടുകൂടെ മരിക്കയും, അവനോടുകൂടെ ഉയർത്തെഴുന്നേൽക്കുകയും ചെയ്തു (കൊലൊ. 2:12, 20). അവനോടുകൂടെ മരിച്ചപ്പോൾ, അവർ ജീവിതത്തോടുള്ള ഭൗമികമായ സമീപനങ്ങളും ലൗകികമായ ജ്ഞാനവും വിട്ടുകളഞ്ഞു.

അവരുടെ നോട്ടം ക്രിസ്തുവിൽ മാത്രമായിരുന്നു, അവർ പിന്നെ സ്വർഗത്തിലുള്ളതായിരുന്നു അന്വേഷിക്കേണ്ടിയിരുന്നത് അവൻ അവിടെയാണുള്ളത്. അവരുടെ ചിന്ത താഴെയുള്ള ലൗകിക തത്വങ്ങളിലേക്ക് താഴുവാൻ പാടില്ല, പിന്നെയോ, ക്രിസ്തുവിലും അവന്റെ കൽപനകളിലുമായിരിക്കണം. അവരുടെ മനസ് തിരിക്കൽ സ്വാഭാവികമായി സംഭവിക്കുന്നതായിരുന്നില്ല; അവരുടെ ഭാഗത്തുനിന്നും അതിനു പരിശ്രമം ആവശ്യമായിരുന്നു. അവരുടെ ചിന്തകളിലേക്ക് പുതിയ താൽപര്യങ്ങൾ വരണമായിരുന്നു.

സ്നാനപ്പെടുമ്പോൾ സംഭവിക്കുന്ന മാറ്റത്തെ കുറിച്ച് ജെ. ബി.ലൈറ്റ്ഫുട്ട് പറഞ്ഞു:

> സ്നാനത്തിൽ അടങ്ങിയിരിക്കുന്നത് ശരിയായി തിരിച്ചറിഞ്ഞാൽ, ഒരു മനുഷ്യന്റെ സ്വഭാവത്തിൽ മുഴുവൻ വരുന്ന മാറ്റമാണ്. അത് അയാളുടെ പ്രായോഗിക സ്വഭാവത്തിൽ മാത്രമല്ല, ബുദ്ധിപരമായ ആശയത്തിലും സംഭവിക്കണം. ഒരു പുതിയ വ്യക്തിയായി തീരുന്നതിൽ ഒട്ടും കുറവ് വരുന്നതല്ല അത്. ആ വ്യക്തി ഭൂമിയിൽനിന്നു സ്വർഗത്തിലേക്കാണ് മാറുന്നത്, ആ മാറ്റത്തിൽ അയാളുടെ ചിന്തയും കാഴ്ചപ്പാടും മാറുന്നു, അവന്റെ തീരുമാനം മുഴുവനായി മാറുന്നു. അയാൾക്ക് വസ്തു പിന്നെ ഒരു വലിയ ശത്രുവല്ല, അതിനോടുള്ള അവന്റെ സ്ഥാനം തികച്ചും നിഷ്പക്ഷമായിരിക്കും. സന്യാസ നിയമങ്ങളും, ചട്ടങ്ങളും, ചടങ്ങുകളും അതിന്റെ ഫലം എന്തായാലും, അയാളെ സംബന്ധിച്ച് വിലയില്ലാതിരിക്കും. അവയെല്ലാം ഭൂമിയുടേതും ഭൗമികവുമാണ്. ഐഹികവും, മാറിക്കൊണ്ടിരിക്കുന്നതും ആയ വസ്തുക്കൾക്ക് പകരം ധാർമ്മികവും, നിത്യവും, സ്വർഗീയവുമായവയാണ് എടുക്കേണ്ടത്.[2]

"ഉയർത്തെഴുന്നേറ്റിരിക്കുന്നു" എന്നതിന്റെ ഗ്രീക്ക് വാക്ക് *സുനേജെയിരോ* 2:12 ലെ അതേ വാക്ക് തന്നെയാണ്, അവിടെ തർജിമ ചെയ്തിരിക്കുന്നത് "... ഉയർത്തെഴുന്നേറ്റു" എന്നാണ്. പ്രവൃത്തി പൂർത്തിയാക്കി എന്നാണ് ഉപയോഗിച്ചിരിക്കുന്ന വ്യാകരണം വ്യക്തമാക്കുന്നത്. "ഗ്രീക്കിലെ നിബന്ധനാ രൂപം

(*എയി*) അന്തർലീനമാക്കുന്നത് നിബന്ധന പൂർത്തീകരിച്ചു എന്നാണ്."[3] അവർ "ക്രിസ്തുവിനോടുകൂടെ" ഉയർത്തെഴുന്നേറ്റിരിക്കയാൽ, കൊലൊസ്യരുടെ ചിന്ത തിരിച്ച്, അവരുടെ മനസ് അവനിൽ കേന്ദ്രീകരിക്കുകയും അവനിൽനിന്ന് ആവശ്യമായ പോഷണം സ്വീകരിക്കുകയും വേണം.

സഹോദരന്മാർ പിന്നീട് ലൗകികമായ കാര്യങ്ങൾ അന്വേഷിക്കാൻ പാടില്ലായിരുന്നു (2:20). ഇനി അവർ വിലയുള്ള സ്വർഗീയമായ കാര്യങ്ങൾ അന്വേഷിക്കണം (3:1). ഇനി അവർ "ജഡികമായ ആസക്തിയെ" നേരിടണം (2:23), അവയെ വിട്ട് അവരുടെ കണ്ണ് യേശുവിൽ അർപ്പിക്കണമായിരുന്നു (എബ്രാ. 12:1, 2). അവർ ജീവിതത്തിന് ഒരു പുതിയ കാഴ്ച്ചപ്പാട് സ്വീകരിക്കണം, അവന്റെ സ്വഭാവം സ്വീകരിക്കുവാനായി തങ്ങളുടെ ജീവിതം തേജസ്ക്കരിക്കപ്പെട്ട ക്രിസ്തുവിൽ സമർപ്പിക്കണം.

### "ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു തന്നെ അന്വേഷിപ്പിൻ" (3:1)

അവർ യേശുവിനോടുകൂടെ ഉയർത്തിരിക്കുന്നതിനാൽ, കൊലൊസ്യർ തങ്ങളുടെ മനസിനെ ആത്മികമായ കാര്യങ്ങളിലേക്ക് തിരിക്കണമായിരുന്നു. *സെറ്റെയിറ്റെ* എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് **അന്വേഷിച്ചുകൊണ്ടിരിക്കൽ**, അർത്ഥമാക്കുന്നത് തുടർപ്രവൃത്തിക്കുള്ള കൽപനയായിട്ടാണ്. അത് സൂചിപ്പിക്കുന്നത്, നോക്കിക്കൊണ്ടിരിക്കൽ, അന്വേഷിച്ചുകൊണ്ടിരിക്കൽ, കണ്ടെത്തുവാനുള്ള പരിശ്രമം എന്നാണ്. പൗലൊസിന്റെ ലേഖനത്തിന്റെ ഗുണഭോക്താക്കൾ, സ്വർഗിയ സ്വഭാവം കണ്ടെത്തുക മാത്രമല്ല, അവ ലഭിക്കുക കൂടെ വേണമായിരുന്നു. അതുപോലെ, അവർ വിശ്വാസത്തിൽ നിലനിൽക്കുകയും വേണമായിരുന്നു (1:23), അവർ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും വേണമായിരുന്നു.

*ആനോ* എന്ന വാക്ക് ഇവിടെ തർജിമ ചെയ്തിരിക്കുന്നത് "ഉയരത്തിൽ," എന്നാണ്, ആ വാക്ക് അതേ അർത്ഥത്തിൽ യോഹന്നാൻ 8:23 ലും, ഗലാത്യർ 4:26 ലും, ഫിലിപ്പിയർ 3:14 ലും ഉപയോഗിച്ചിട്ടുണ്ട്. **ഉയരത്തിലുള്ളത്** എന്ന പ്രയോഗം പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തും കാണുന്നില്ല. അവരുടെ പുതിയ ബന്ധം ശരിയായി കാണുവാൻ, കൊലൊസ്യയിലുള്ളവർ ഈ ജീവിതത്തിലെ ചപ്പും ചവറും ഉപേക്ഷിച്ച്, പുതിയ ജീവൻ സജീവമായി പിന്തുടരണം. അതിനർത്ഥം ക്രിസ്ത്യാനികൾ ഭൗമികമായ ഉത്തരവാദിത്വങ്ങളോട് കണ്ണടച്ചുകളയണം എന്നല്ല; അതിനർത്ഥം അവരുടെ പുതിയ ജീവനെ അവർ ദൈവികമായ കാഴ്ച്ചപ്പാടിൽ കാണരുതെന്നുമല്ല.

ക്രിസ്ത്യാനികളായതിനാൽ, നമ്മുടെ മുൻഗണനാക്രമങ്ങളെ നാം തുലനപ്പെടുത്തണം. സ്വർഗീയമായ കാര്യങ്ങളെ അന്വേഷിക്കാതിരിക്കത്തക്കവണ്ണം ലൗകികമായ കാര്യങ്ങളിലേക്ക് നാം തിരിയരുത്. അല്ലെങ്കിൽ, ഭൗമികമായ ഉത്തരവാദിത്തങ്ങളെ അവഗണിച്ചു സ്വർഗീയമായ കാര്യങ്ങളിൽ മാത്രം ഇടപെടണമെന്നുമല്ല പറയുന്നത്. ദൈവികമായ നമ്മുടെ ലക്ഷ്യം കൈവരിക്കത്തക്കവണ്ണമായിരിക്കണം നമ്മുടെ ഭൗമികമായ ബന്ധങ്ങളെ സൂക്ഷിക്കേണ്ടത് എന്നർത്ഥം.

നമുക്ക് ഭൗതികമായി യേശുവിനെ കാണുവാൻ സാധ്യമല്ല. പക്ഷെ അവൻ മരിച്ചവരിൽനിന്നുയർത്തെഴുന്നേറ്റ് ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ആരോഹണം ചെയ്തിരിക്കുന്നു എന്നു തിരിച്ചറിയുവാൻ നമുക്ക് കഴിയും, ഭൂമിയി

ലേക്ക് വരുന്നതിനു മുൻപ് അവന്റെ സ്ഥാനം അതായിരുന്നു. സ്വർഗീയമായ അവസ്ഥയിൽ, യേശു പാപമില്ലാത്ത നിർമ്മലമായ അവസ്ഥയിലാണ്. അവന്റെ അനുയായികളായ നാം അവന്റെ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞ് അവനു ചുറ്റു മുള്ള വിശുദ്ധി കൈവരിക്കുവാൻ ശ്രമിക്കണം.

കൊലൊസ്യർക്ക് പൗലൊസ് ലേഖനം എഴുതിയ സമയത്ത് യേശു സ്വർഗ ത്തിലായിരുന്നു. തന്റെ ഉയർത്തെഴുന്നേൽപിനുശേഷം നാൽപതു ദിവസം കഴിഞ്ഞ് യേശു സ്വർഗാരോഹണം ചെയ്തു (പ്രവൃ. 1:3, 9–11) ഏറ്റവും ഉയർന്ന സ്ഥാനമായ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് പോയി വാണുകൊണ്ടിരിക്കു ന്നു. മറ്റാർക്കും, ദൂതന്മാർക്കു പോലും ദൈവം അത്തരം അധികാരം നൽകി യിട്ടില്ല (എബ്രാ. 1:13). യേശു ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെ ടുമെന്ന് ദാവീദ് പ്രവചിച്ചിരുന്നു (സങ്കീ. 110:1), യേശു തന്നെക്കുറിച്ച് പറഞ്ഞ ആ വേദഭാഗം ഉദ്ധരിച്ചു പറഞ്ഞിരുന്നു (മത്താ. 22:44; 26:64; മർ. 12:36; ലൂക്കൊ. 20:41–44). ആരോഹണശേഷം അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരി ക്കുന്നു എന്ന വസ്തുത സ്ഥിരീകരിക്കപ്പെട്ടതാണ്.[4]

യേശു ഉയർത്തെഴുന്നേറ്റ്, ആരോഹണം ചെയ്ത് ദൈവത്തിന്റെ വലത്തു ഭാഗത്തിരുന്നപ്പോൾ, എല്ലാം അവന്റെ കാൽക്കീഴിലാക്കി (എഫെ. 1:20–22), "വാഴ്ച്ചകളും അധികാരങ്ങളും, ദൂതന്മാരുമടക്കം" (1 പത്രൊ. 3:22). അവന്റെ രാജ്യം (കൊലൊ. 1:13) അഥവാ വാഴ്ച്ച അപ്പോൾ മുതൽ തുടങ്ങിയിരി ക്കുന്നു. പിതാവ് ഒഴിച്ച്, എല്ലാവരെയും, എല്ലാറ്റിനേയും അവൻ ഇപ്പോൾ വാണുകൊണ്ടാണിരിക്കുന്നത്. താൻ മടങ്ങി വരുന്നതുവരെ ആ വാഴ്ച്ച തുടരും, അന്ന് അവൻ എല്ലാറ്റിനും നീക്കം വരുത്തി രാജ്യം പിതാവിന്നു ഏൽപിച്ചു കൊടുക്കും (മത്താ. 13:41–44; 1 കൊ. 15:23–28). അവൻ മടങ്ങി വരുമ്പോൾ-രക്ഷിക്കപ്പെട്ടവർ-ഉയർത്തെഴുന്നേറ്റവരും ജീവിച്ചിരിക്കുന്നവരും അവനെ എതിരേൽക്കുവാൻ ആകാശമേഘങ്ങളിൽ എടുക്കപ്പെടുകയും എന്നേക്കും അവനോടുകൂടെ സ്വർഗത്തിൽ ഇരിക്കുകയും ചെയ്യും (1 തെസ്സ. 4:15–17).

### "ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ" (3:2)

യേശു വസിക്കുന്ന മാലിന്യരഹിതമായ പ്രതലത്തെ കുറിച്ചായിരുന്നു കൊലൊസ്യർ ചിന്തിക്കേണ്ടിയിരുന്നത്. ഒന്നുകിൽ സ്വർഗീയമായ കാര്യങ്ങൾ അല്ലെങ്കിൽ ഭൗമികമായ കാര്യങ്ങൾ അവർ തിരഞ്ഞെടുക്കണമായിരുന്നു. ജീവിത രീതിയെക്കാളും ആ സ്ഥാനങ്ങളുടെ അവസ്ഥയല്ല പൗലൊസ് ഈ അവസരത്തിൽ പരിഗണനക്കെടുത്തത്. **ഭൗമികമായ ... കാര്യങ്ങൾ** മാറുന്ന തും, ഉപയോഗത്താൽ നശിച്ചു പോകുന്നതും, പാപസംബന്ധവുമായവയാ ണെങ്കിൽ, **ഉയരത്തിലുള്ളവ**, വിശുദ്ധവും, നിലനിൽക്കുന്നതും, നിത്യവുമാ യവയാണ്.

**ചിന്തിപ്പിൻ** എന്നത് തർജിമ ചെയ്തിരിക്കുന്നത് ഏക അനുപേക്ഷ്യ ഗ്രീക്ക് വാക്ക് *ഫ്രോണെയിറ്റെ* യിൽനിന്നാണ്. ഈ സന്ദർഭത്തിലും, മറ്റു സന്ദർഭങ്ങ ളിലും (റോമർ 12:16; ഫിലി.3:19), അർത്ഥം, "[ചിലതിൽ] ശ്രദ്ധ കേന്ദ്രീകരിക്കൽ, ഒരു ആളുടെ മനസ് ഉറപ്പിക്കൽ, ഉദ്ദേശിക്കൽ."[5]

കൂടുതൽ വികാരങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് കെജെവി തർജിമ ചെയ്തിരിക്കുന്നത് "നിങ്ങളുടെ സ്നേഹബന്ധത്തിൽ ചിന്തിക്കുക" എന്നാണ്.

കൊലൊസ്യരുടെ മനസ് ഉറപ്പിക്കുന്നതിനെ കുറിച്ചായിരുന്നു പൗലൊസ് പറഞ്ഞത്. സ്വർഗത്തിൽ പോകുന്നതിനേക്കാളുപരി അവർ ചിന്തിക്കണമായിരുന്നു; സ്വർഗത്തിലെ ദൈവഭക്തിയെ അവർ തങ്ങളുടെ മുഖ്യ ചിന്തയാക്കണമായിരുന്നു. "ഉയരത്തിലുള്ളത്" എന്നു പറഞ്ഞത് കൊലൊസ്യർ പ്രപഞ്ചത്തിലുള്ളതല്ല എന്നു വ്യക്തമായി മനസിലാക്കുവാൻ പൗലൊസ് "ക്രിസ്തു ഇരിക്കുന്നിടമായ" എന്നുകൂടെ പറഞ്ഞു (3:1).

"ഭൂമി" എന്ന പ്രതലം പാപം വസിക്കുന്ന സ്ഥാനമാണ്, എന്നാൽ "ഉയരത്തിലുള്ളത്" മുഖ്യമായും വിശുദ്ധി നിറഞ്ഞ സ്ഥാനമാണ്. തങ്ങളുടെ ചിന്തയനുസരിച്ചാണ് ക്രിസ്ത്യാനികൾ ജീവിക്കുന്നത്. നമ്മുടെ ചിന്ത ഈ ലോകത്തിലുള്ളതായാൽ, നാം ഭൗമിക-മനസുള്ളവരായിരിക്കും, ലോകത്തിലുള്ള ആളുകളെ പോലെ ജീവിക്കുകയും ചെയ്യും. നാം സ്വർഗീയമായ കാര്യങ്ങളെ കുറിച്ച് ചിന്തിച്ചാൽ, ദൈവിക സ്വഭാവം എടുക്കുകയും ലൗകികമായ നിയന്ത്രണങ്ങൾക്ക് ജീവിതത്തിൽ നാം വിധേയരാകാതിരിക്കുകയും ചെയ്യും. കൊലൊസ്യരെ പോലെ, നമ്മുടെ കടമ, ചിന്തയെ നിയന്ത്രിച്ച്, ആത്മിയ-മല്ലാത്ത കാര്യങ്ങളും ഈ ജീവിതത്തിലെ എല്ലാ പരീക്ഷണങ്ങളും, അവഗണിച്ച് നമ്മുടെ ചിന്ത ആത്മിയ കാര്യങ്ങളിലേക്ക് തിരിയും.

പാപപരിശീലനങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നും ഒഴിവാക്കണമെങ്കിലും, അതു മാത്രം പോരാ. ബദലായവയെ ഒഴിവാക്കിയാൽ മാത്രം നല്ല ഗുണങ്ങൾ നിറയണമെന്നില്ല. ആത്മിയ ചിന്തയാലും, ജീവിതത്താലും നിഷേധ പരിശീലനങ്ങൾ നമുക്ക് നീക്കം ചെയ്യാവുന്നതാണ്. നല്ലതിനെ കുറിച്ചുള്ള ചിന്ത തിന്മ നീക്കം ചെയ്യുവാൻ ആവശ്യമാണ്. പൗലൊസ് ആ തത്വം റോമർ 12:21 ലും; 13:14 ലും; 2 കൊരിന്ത്യർ 3:18 ലും; ഗലാത്യർ 5:16 ലും അവതരിപ്പിച്ചിരിക്കുന്നു.

ഫിലിപ്പിയർക്ക് ലേഖനമെഴുതിയപ്പോൾ, പൗലൊസ് ഭൗമികമായി ചിന്തിക്കുന്നവർ ക്രൂശിന്റെ ശത്രുക്കളാണെന്നു പറഞ്ഞിരിക്കുന്നു (ഫിലി. 3:18, 19). അതേ ലേഖനത്തിൽ, അവരുടെ മനസ് കേന്ദ്രീകരിക്കേണ്ട ക്രിയാത്മകമായ വിഷയങ്ങളും പറഞ്ഞിരിക്കുന്നു (ഫിലി. 4:8). ഉയരത്തിലുള്ളതും ഭൂമിയിലുള്ള ഭൂതങ്ങളുടെ പ്രവൃത്തികളും തമ്മിലുള്ള ധാരാളം അന്തരം യാക്കൊബ് പറഞ്ഞിരിക്കുന്നു (യാക്കൊ. 3:14–18).

### "നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" (3:3)

കൊലൊസ്യർ മരിച്ചവരും ജീവിക്കുന്നവരുമായിരുന്നു (2:13, 20). അവർ **മരിച്ചു** (*അപോത്നേസ്കോ*). ആ ക്രിയ പൂർത്തിയാക്കിയതും തീർച്ചയുള്ളതുമായ പ്രവൃത്തിയെ ആണ് സൂചിപ്പിക്കുന്നത്, എന്നാൽ സഹോദരന്മാരിൽ ചിലർക്ക് തങ്ങൾ ആത്മിയമായി മരിച്ചവരായിരുന്നു എന്നു തിരിച്ചറിയാൻ പ്രയാസം നേരിട്ടിരുന്നു. ആ ആശയം ആവർത്തിച്ചു പറഞ്ഞ് അവരുടെ മരണത്തിന്റെ അനന്തര ഫലങ്ങളെ അവരുടെ മനസിൽ ഉറപ്പിക്കുവാനുമായിരുന്നു പൗലൊസ് ശ്രമിച്ചത്. ബഹുവചനത്തോടുകൂടെ ഏകവചനം ഉപയോഗിച്ച് ("നിങ്ങളുടെ" [ബ.വ] ജീവനുകൾ എന്നു പറയാതെ "ജീവൻ" എന്നു പറയുന്നത്) ഗ്രീക്കിൽ സാധാരണയാണ്.[6] ആ ക്രിസ്ത്യാനികൾ ക്രിസ്തുവിലുള്ള പുതുജീവൻ പങ്കിട്ടിരുന്നു.

തങ്ങളുടെ ദുഷ്പ്രവൃത്തികളാൽ ജീവിച്ച് ക്രിസ്തുവിൽനിന്നും വേർപെട്ട്

ജീവിച്ചിരുന്നതിനാൽ അവർ ആത്മിയമായി മരിച്ചിരുന്നുവെങ്കിലും (1:21), കൊലൊസ്യർ ക്രിസ്തുവിനോടുള്ള പുതിയ ബന്ധത്തിൽ ജീവിക്കുന്നവ രായി തീർന്നു, അവന്റെ രക്തത്താൽ നിരപ്പ് പ്രാപിക്കുകയും ചെയ്തു. വില്യം ഹെൻഡ്രിക്സൺ എഴുതി, "വിവരിച്ചുകഴിഞ്ഞ അർത്ഥത്തിൽ, (2:11, 12 നോക്കുക) കൊലൊസ്യർ മരിക്കുകയും അടക്കപ്പെടുകയും ചെയ്തിരുന്നു. പിന്നീട് അവരായിരുന്നില്ല, ക്രിസ്തു ആയിരുന്നു അവരിൽ ജീവിച്ചിരുന്നത്. പാപത്താൽ വാണിരുന്ന അവരുടെ പഴയ മനുഷ്യനെ അവർ മരിപ്പിച്ചിരുന്നു."[7]

സ്നാനത്തിലായിരുന്നു അവർ മരിച്ചത്. ആ സത്യം 2:12 ൽ അന്തർലീനമാക്കുകയും, റോമർ 6 ൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. പൗലൊസ് ചോദിച്ചു, "പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ?" (വാ. 2). അവൻ ഉത്തരം നൽകി, "അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു" (വാ. 4). കൊലൊസ്യയിലുള്ള ക്രിസ്ത്യാനികൾ ഇപ്പോൾ മരിച്ചു, അവരുടെ കഴിഞ്ഞ കാല ജീവിതത്തിലെ ലൗകികമായ കാര്യങ്ങൾ സംബന്ധിച്ചും അവർ മരിച്ചിരുന്നു, അവർ സ്നാനം ഏൽക്കുന്നതിനു മുൻപ്, അവരുടെ ജീവിതത്താൽ ദൈവ സംബന്ധമായി മരിച്ചവരായിരുന്നു. ഇപ്പോൾ അവർ യേശുവിന്റെ മരണത്തിൽ പങ്കാളികളായതിനാൽ, അവരുടെ ഭൂതകാലം സംബന്ധിച്ച് അവർ മരിച്ചു. ഇപ്പോൾ, അവർ ക്രിസ്തുവിനോട് ചേർന്ന് ദൈവത്തിൽ ആയതിനാൽ, ജീവിതത്തിലെ ദുഷ്ടതയുടെ കൊടുങ്കാറ്റിൽനിന്നു ആശ്വാസതീരത്തെത്തി.

**മറഞ്ഞിരിക്കുക** (*ക്രുപ്റ്റോ*) തുടർഫലം ലഭിക്കുവാനുള്ള പ്രവൃത്തി പൂർത്തിയാക്കിയതിനെ ആണ് സൂചിപ്പിക്കുന്നത്. അവരുടെ ജീവൻ *തുടർച്ചയായി* **ക്രിസ്തുവിൽ ദൈവത്തോടുകൂടെ മറഞ്ഞിരിക്കുന്നു**. അവർ "ക്രിസ്തുവിനോടുകൂടെ ദൈവത്തിലായി" കാരണം അവർ ക്രിസ്തുവിലായി (2 കൊ. 5:17). അവൻ ദൈവത്തിലുമാണ് (യോഹ. 10:38; 14:10, 11, 20; 17:21). ഒരർത്ഥത്തിൽ, ലോകത്തിലുള്ളവർക്ക് അവരെ കാണുവാൻ കഴിയുന്നില്ല, കാരണം അവർ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ. 3:27). തീർച്ചയായും, അവർ "മറഞ്ഞിരിക്കുന്നു" എന്നു പറഞ്ഞതിനാൽ ലോകത്തിനു അവരെ കാണുവാൻ കഴിയുകയില്ല എന്ന് അർത്ഥം വരുന്നില്ല; ലോകം ക്രിസ്തുവിനെ കണ്ടു, അവനെ ആണ് അവർ ധരിച്ചിരിക്കുന്നത്.

ആ ക്രിസ്ത്യാനികൾ "ലോകത്തിന്റെ വെളിച്ചം ആയിരുന്നു, മലമേലുള്ള പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല" (മത്താ. 5:14). അവർ പൂർണ്ണമായും ലോകത്തിൽ മറഞ്ഞിരുന്നു എങ്കിൽ, ലോകത്തിന് അവരെ കാണുവാൻ കഴിയുമായിരുന്നില്ല. അവർ ഉൽസവ വസ്ത്രമായ ക്രിസ്തുവിനെ ധരിച്ചതായിട്ടാണ് ലോകം അവരെ കാണേണ്ടത് (മത്താ. 22:11, 12; ഗലാ. 3:27). അവനാണ് വെളിച്ചം (യോഹ. 8:12), അവനോടാണ് അവർ ചേർന്നിരിക്കുന്നത്. അവർ ഇനി ഇരുളല്ല, കർത്താവിൽ വെളിച്ചമത്രെ ആകുന്നു (എഫെ. 5:8), അവർ ലോകത്തിൽ വെളിച്ചമായി പ്രകാശിക്കുന്നു (ഫിലി. 2:15).

"ക്രിസ്തുവിനോടുകൂടെ അവർ ദൈവത്തിൽ മറഞ്ഞിരിക്കുന്നതിനാൽ" വഴിപിഴപ്പിക്കുന്ന ലോകത്തിന്റെ പരിശീലനങ്ങളിൽനിന്ന് ദൈവത്തിന്റെ സുരക്ഷിത വലയത്തിലായിരുന്നു (1 കൊ. 10:13). ദൈവസന്നിധി മറഞ്ഞിരിക്കുവവാനുള്ള സ്ഥാനമായി പഴയനിയമം ചിത്രീകരിച്ചിരിക്കുന്നു (സങ്കീ. 17:8; 31:20; 64:2). തന്റെ ജനത്തിന്റെ അഭയ കേന്ദ്രമാണ് അവൻ (സങ്കീ. 61:2, 3). ആ സുരക്ഷിതത്വവും, അഭയവും ലഭിച്ച്, പാപക്കൊടുങ്കാറ്റിൽനിന്നും,

ലോകത്തിന്റെ ഉപദ്രവങ്ങളിൽനിന്നും അവർക്ക് ഭദ്രത ലഭിച്ചിരുന്നു. അവർ തങ്ങളുടെ രക്ഷകനായ ക്രിസ്തുവിനോടുകൂടെയും, തങ്ങളുടെ അഭയകേന്ദ്ര മായ ദൈവത്തിലും ആയിരുന്നു.

കൊലൊസ്യർ മറഞ്ഞിരിക്കുന്ന സ്ഥാനത്ത് ഭദ്രമായി ഇരിക്കുന്നേടത്തോ ളം, സാത്താന് അവരെ പിടിച്ചടക്കുവാനോ അവരെ അടിമകളാക്കുവാനോ കഴിയുമായിരുന്നില്ല (1 യോഹ. 3:6, 9; 1 പത്രൊ. 1:23 മായി താരതമ്യം ചെയ്യുക). യേശു ദുഷ്ടശക്തിയെ ജയിച്ചതിനാൽ (കൊലൊ. 2:15), ലോകത്തെ ജയി ക്കുവാൻ അവരെ സഹായിക്കുന്നതിനു ക്രിസ്തുവിനു കഴിയും (1 യോഹ. 4:4). അവർ സുരക്ഷിതമായി വിജയിയോടുകൂടെ ആയിരുന്നാൽ അവർക്കും ജയിക്കുവാൻ കഴിയുമായിരുന്നു. അവരെ ആരും അല്ലെങ്കിൽ യാതൊന്നും അവർ മറഞ്ഞിരിക്കുന്ന സ്ഥാനമായ യേശുവിൽനിന്നകറ്റുവാൻ അനുവദിക്ക രുതായിരുന്നു (കൊലൊ. 2:8).

“ക്രിസ്തുവിനോടുകൂടെ” (*സൺ ... ക്രിസ്റ്റോ*) ഈ അർത്ഥത്തിൽ ഇവിടെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. “ക്രിസ്തുവിനോടുകൂടെ” എന്നതിനേ ക്കാൾ കൂടുതലായി ഉപയോഗിച്ചിരിക്കുന്നത് “ക്രിസ്തുവിൽ” എന്നാണ്, അവൻ പലപ്പോഴും എഴുതി, സ്നാനപ്പെടുമ്പോൾ, ക്രിസ്ത്യാനികൾ പ്രവേ ശിക്കുന്ന ആത്മിയ പ്രതലമാണ് “ക്രിസ്തുവിൽ.” അതേ അർത്ഥം സൂചിപ്പിച്ച് “ദൈവത്തിൽ” എന്നും പറഞ്ഞിട്ടുണ്ട്, അതിൽ തെറ്റൊന്നുമില്ല, കാരണം ക്രിസ്തു “ദൈവത്തിൽ” ആണ് (യോഹ. 10:38; 14:11, 20; 17:21); “ക്രിസ്തുവിൽ” ആയവർ ആത്മിയമായ അർത്ഥത്തിൽ, “ദൈവത്തിൽ” ആണ്.

### “നമ്മുടെ ജീവനായ ക്രിസ്തു” (3:4)

3:1–4 ൽ പൗലൊസ് സർവ്വനാമം ഉപയോഗിക്കുന്നതിനു പകരം, **ക്രിസ്തു** എന്ന പേർ നാല് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഈ അസാധാരണ ആവർത്തനം ഊന്നൽ കൊടുത്തിരിക്കുന്നതാണ്. കൊലൊസ്യയിലെ ക്രിസ്ത്യാനികളുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നതിനാൽ, അവൻ തേജസിൽ വെളിപ്പെടുമ്പോൾ അവരും കാണും എന്നു പൗലൊസ് പറഞ്ഞിരി ക്കുന്നു (വാ. 4). ഇത്തരത്തിൽ അവൻ വർത്തമാനകാലത്തെയും ഭാവിയെയും ഉൾപ്പെടുത്തി പറഞ്ഞിരിക്കുന്നു. ഇപ്പോൾ ക്രിസ്തുവിനോടുകൂടെ ആയിരി ക്കുന്നു (വാ. 4), അവൻ മടങ്ങി വരുമ്പോൾ അവനോടുകൂടെ വരുത്തും (വാ. 4), കടന്നുപോകുന്ന ഈ ലോകം നീങ്ങപ്പെടുമ്പോൾ, അവർ യേശു തേജസിൽ മടങ്ങി വരുമ്പോൾ അവരും ഉണ്ടാകും. വാക്യം 4 ൽ മാത്രമാണ് കൊലൊ സ്യലേഖനത്തിൽ ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചു പറഞ്ഞിട്ടുള്ളത്.

കൊലൊസ്യരുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുവാനുള്ള മറ്റൊരു കാരണം, അവൻ **നമ്മുടെ ജീവൻ ആകുന്നു** എന്നതാണ്: ഉറവിടവും, കേന്ദ്ര വും, ജീവന്റെ ഉറവയും (1 യോഹ. 5:12).[8] അവനിൽനിന്ന് ജീവൻ വരികയും, അത് പങ്കിടുകയും മാത്രമല്ല, അവൻ ക്രിസ്ത്യാനികളുടെ ജീവൻ ആണ്. യേശു മുന്തിരിവള്ളിയും ക്രിസ്ത്യാനികൾ കൊമ്പുകളുമാണ് (യോഹ. 15:5). മുന്തിരിവള്ളിയുമായുള്ള ബന്ധം നിമിത്തമാണ് കൊമ്പുകൾക്ക് ജീവൻ ഉണ്ടാ കുന്നത്. യേശുവിൽ വസിക്കാത്ത കൊമ്പ് ഒക്കെയും വെട്ടി കളയുകയും, പി ന്നെ അതിന് ജീവനില്ലാത്തതിനാൽ, തീയിൽ ഇട്ട് ചുട്ടുകളയും (യോഹ. 15:6).

“ജീവൻ” എന്നതിന്റെ ഗ്രീക്ക് വാക്ക് പരിഷ്ക്കരിച്ചതായിരിക്കാം “നമ്മുടെ” അല്ലെങ്കിൽ “നിങ്ങളുടെ” എന്ന്. “നമ്മുടെ” (*ഹെയിനോൻ*) എന്നാണ് താഴെ

കൊടുത്തിരിക്കുന്നവയിൽ തർജിമ ചെയ്തിരിക്കുന്നത്: കെജെവി, ഏഎസ്‌വി, ആർഎസ്‌വി, എൻഏബി, എൻഈബി, എൻകെജെവി, എൻആർഎസ്‌വി. *വാരി യന്റ് ഹുമോൺ* ("നിങ്ങളുടെ") താൽപര്യം ജനിപ്പിക്കുന്ന പല കയ്യെഴുത്തു പ്രതികളിലും കാണാം. ആ വാക്കാണ് ഗ്രീക്ക് പുതിയനിയമം എടുത്തിരിക്കു ന്നത്. "നിങ്ങളുടെ" എന്ന വാക്ക് കാണുന്നത് എൻഐവി, എൻആർഎസ്‌വി, ടിഈവി എന്നിവയിലും, ഏഎസ്‌വിയുടെ മാർജിൻ കുറിപ്പിലും കാണാം. "നമ്മുടെ" എന്നാണോ അതോ "നിങ്ങളുടെ" എന്നാണോ മൂല വാക്ക് എന്ന് വേദഭാഗം വായിച്ച് തീർച്ചപ്പെടുത്തുവാൻ സാധ്യമല്ല. അവസാനം വ്യത്യാസം വരുത്തിയിരിക്കുന്നത് ഒരു ചെറിയ വാക്കായിട്ടാണ്. പൗലൊസ് "നമ്മുടെ" എന്നാണ് പറഞ്ഞതെങ്കിൽ, ക്രിസ്തു ജീവനായി എടുത്തിരിക്കുന്നവരോടു തന്നെയും ചേർത്തായിരിക്കാം പറഞ്ഞത്. 2:13 ലും, ഗലാത്യർ 3:25, 26 ലും, "നി ങ്ങൾ" എന്നതിൽനിന്ന് പൗലൊസ് "നമുക്ക്" എന്നതിലേക്ക് മാറിയിരിക്കുന്നു.

### "വെളിപ്പെടുമ്പോൾ, നിങ്ങളും അവനോടുകൂടെ തേജസിൽ വെളിപ്പെടും" (3:4)

**അവൻ തേജസിൽ വെളിപ്പെടുമ്പോൾ**, കൊലൊസ്യയിലെ ക്രിസ്ത്യാ നികളും അവനോടുകൂടെ പ്രത്യക്ഷരാകും എന്നാണ് അപ്പൊസ്തലൻ അവ രോട് പറഞ്ഞത്. യേശുവിന്റെ രണ്ടാം വരവിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്കാണ് *ഫനേരൂ* (1 പത്രൊ. 5:4; 1 യോഹ. 2:28; 3:2), അവന്റെ പ്രത്യക്ഷതയെ സൂചിപ്പിച്ചും (മർ. 16:12, 14), അറിയാത്തതെന്തെന്ന് വെളിപ്പെടുത്തി, എന്തു വെളിപ്പെടുത്തുമെന്നും പറയുന്നു (മർ. 4:22; യോഹ. 1:31). ദൈവം പഴയനി യമകാലത്ത് മറച്ചുവെച്ചതും പുതിയനിയമകാലത്ത് വെളിപ്പെടുത്തിയതുമായ മർമ്മത്തെ കാണിക്കുന്നതിനും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (കൊലൊ. 1:26).

വർത്തമാനകാലത്തിലും ഭാവികാലത്തിലും സംഭവിക്കുന്നതായിട്ടാണ് പൗ ലൊസ് **അവനോടുകൂടെ** എന്ന പ്രയോഗം നടത്തിയിരിക്കുന്നത്. ക്രിസ്ത്യാ നികൾക്ക് ക്രിസ്തുവിനോടുകൂടെയുള്ള ഇപ്പോഴത്തെ ബന്ധം സ്വർഗത്തിലും തുടരുന്നതാണ് (ഫിലി. 1:23; 1 തെസ്സ. 4:17). ക്രിസ്ത്യാനികൾ "ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നെ, നാം അവനോടുകൂടെ തേജസ്ക്കരിക്കപ്പെടേണ്ട തിന്നു അവനോടുകൂടെ കഷ്ടം അനുഭവിച്ചാലത്രെ" (റോമർ 8:17). ക്രിസ്തു വിനോടുകൂടെ എന്നു പറഞ്ഞതിലെ "കൂടെ" (*സൺ*) എന്നത് ഒരു സംയുക്ത ക്രിയയാണ്, സ്നാനത്തിൽ പുതുജീവൻ പങ്കിടുന്നതാണ് അർത്ഥമാക്കുന്നത് (റോമർ 6:4, 5; കൊലൊ. 2:12, 13; 3:1).

കൊലൊസ്യർ യേശുവിനോടുകൂടെ പങ്കിടുന്നതും പങ്കിടുവാനിരിക്കു ന്നതും താഴെ കൊടുത്തിരിക്കുന്നു:

- അവർ അവനോടുകൂടെ അടക്കപ്പെടുകയും ഉയിർത്തെഴുന്നേറ്റു അവ നോടുകൂടെ ജീവിക്കുകയും ചെയ്യുന്നു (2:12, 13; 3:1).
- ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് അവർ അവനോടുകൂടെ മരിച്ചു (2:20).
- അതിന്റെ ഫലമായി അവർ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറ ഞ്ഞിരിക്കുന്നു (3:3).
- അവർ അവനോടുകൂടെ തേജസിൽ പ്രത്യക്ഷരാകും (3:4).

റോമർക്കെഴുതിയ ലേഖനത്തിലും പൗലൊസ് അതേ ചിന്ത നൽകിയിരിക്കുന്നു. സ്നാനം ഏറ്റ ആ ക്രിസ്ത്യാനികൾ അവനോടുകൂടെ ക്രൂശിക്കപ്പെട്ട് അവന്റെ മരണത്തിൽ പങ്കാളികളാകുകയും അവനോടുകുടെ അടക്കപ്പെടുകയും ചെയ്തിരുന്നു. അവർ അങ്ങനെ അവനോടുകൂടെ മരിച്ചതിനാൽ, അവനോടുകൂടെ ജീവിക്കുമെന്ന പ്രത്യാശയും അവരിൽ ഉണ്ടായിരുന്നു (6:4–8).

"അവനോടുകൂടെ" എന്ന വാക്ക് അതേ അർത്ഥത്തിൽ പൗലൊസ് മറ്റൊരു ഭാഗത്ത് ഉപയോഗിച്ചിട്ടുണ്ട്: "കർത്താവായ യേശുവിനെ ഉയർപ്പിച്ചവൻ ഞങ്ങളേയും യേശുവോടുകൂടെ ഉയർപ്പിച്ചു നിങ്ങളോടുകൂടെ തിരുസന്നിധിയിൽ നിറുത്തും" (2 കൊ. 4:14; റോമ. 8:32). യേശുവിനെ മരിച്ചവരിൽനിന്നുയർപ്പിച്ചവൻ നമ്മെയും അവനോടുകടെ ഉയർപ്പിക്കും. അപ്പൊസ്തലൻ 1 തെസ്സലൊനിക്യർ 4:14–ൽ എഴുതി, "യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ, അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരേയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും." ആ വാക്യത്തെ കുറിച്ച് ജെ. ഡബ്ലിയു. മെക്ഗാർവെ പറഞ്ഞു,

> "അവനോടുകൂടെ" എന്നു പറഞ്ഞിരിക്കുന്നത് ശരീരം വിട്ടുപോയ ആത്മാക്കളെ യേശു *സ്വർഗത്തിൽ* നിന്നു ഉയർത്തെഴുന്നേൽപിന്നു കൊണ്ടുവരും എന്ന അർത്ഥത്തിൽ എടുക്കരുത്, എന്നാൽ ദൈവം, യേശുവിനെ *കല്ലറയിൽ*നിന്നു എഴുന്നേൽപിച്ചതുപോലെ, കല്ലറയിലുള്ളവരെ ഉയർപ്പിച്ച് അവനോടുകൂടെ ആത്മിയ ശരീരത്തിലേക്ക് കൊണ്ടുവരുമെന്നർത്ഥം.[9]

കല്ലറയിലുള്ള നന്മ ചെയ്തവരും തിന്മ ചെയ്തവരും ഒരേസമയത്ത് ഉയർത്തെഴുന്നേൽക്കും (യോഹ. 5:28). അത് സംഭവിക്കുന്നത് അവസാന ദിവസമാണ് (യോഹ. 6:39,40, 44, 54), ആ സമയത്താണ് എല്ലാവരേയും ന്യായം വിധിക്കുന്നത് (യോഹ. 12:48).[10] സൂര്യൻ പ്രകാശിക്കുന്നേടത്തോളം, ഭൂമി സൂര്യനു ചുറ്റും കറങ്ങുന്നേടത്തോളം, ദിവസങ്ങൾ തുടർന്നുകൊണ്ടിരിക്കും. യേശു മടങ്ങി വരുമ്പോൾ, പ്രപഞ്ചം ഇല്ലാതാകും, പിന്നെ ദിവസങ്ങളും ഉണ്ടായിരിക്കുകയില്ല. പ്രപഞ്ചം നിലവിലുള്ള "അവസാന ദിവസം" ആയിരിക്കും ഉയർത്തെഴുന്നേൽപ് സംഭവിക്കുക. മരിച്ചവർ ന്യായവിധിക്കായി ഉയർത്തെഴുന്നേൽക്കുമ്പോൾ, ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും (2 പത്രൊ. 3:10; വെളി. 20:11).

യേശു അവരെ ഉയർപ്പിച്ച് [അവന്റെ]**തേജസിൽ** അവൻ വെളിപ്പെടുമ്പോൾ തങ്ങളും പ്രത്യക്ഷരാകുവാനായി കൊലൊസ്യയിലുള്ള ക്രിസ്ത്യാനികൾ നോക്കി പാർത്തിരുന്നു. യോഹന്നാൻ എഴുതി, "അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട്, അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു" (1 യോഹ. 3:2). "അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട്, നമ്മുടെ താഴ്മയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുത്തും" (ഫിലി. 3:21).

മരണശേഷം, ശരീരം മണ്ണിനോടു ചേരുകയും, ആത്മാവ് പാതാളത്തിലേക്ക് പോകുകയും ചെയ്യും (ഉല്. 35:18; പ്രവൃ. 2:27, 31). യേശു വീണ്ടും വരുമ്പോൾ, മരിച്ച എല്ലാവരേയും ഉയർപ്പിക്കുകയും (യോഹ. 5:28, 29), ആത്മാ

ക്കൾക്ക് രൂപാന്തരപ്പെട്ട ശരീരം നൽകുകയും പാതാളം അതിലുള്ളവരെ ആ ദിവസം ഏൽപിച്ചുകൊടുക്കുകയും ചെയ്യും (വെളി. 20:11-13). പിന്നെ, യേശു തന്റെ സിംഹാസനത്തിലിരുന്ന് ഇപ്പോഴുള്ള ലോകം അവസാനിപ്പിക്കും (2 പത്രൊ. 3:10; വെളി. 20:11). അതിനു ശേഷം, യേശു ജീവനോടെ ഇരിക്കുന്ന വരേയും ഉയർത്തെഴുന്നേറ്റവരേയും-ന്യായം വിധിക്കുകയും ചെയ്യും.[11] പിന്നെ യേശു തന്റെ രാജ്യം പിതാവിന്നു ഏൽപിച്ചു കൊടുക്കും (1 കൊ. 15:24-27).

"അവന്റെ ... തേജസിൽ നിങ്ങളും വെളിപ്പെടും" എന്ന പ്രസ്താവന കൊലൊസ്യർ പുതിയ ക്രിസ്തീയ ജീവിതം നയിച്ചതിന്റെ പ്രതിഫലമായി ലഭിക്കുന്ന തേജസ്ക്കരണമാണെന്ന് കൊലൊസ്യർക്ക് ബോധ്യമായി. അവരുടെ ജീവിതത്തിൽ നേരിടുന്ന ആത്മിയ കുഴപ്പങ്ങൾക്കിരയായി തീരാതിരിക്കുവാനാണ് ക്രിസ്തുവിനോടുകൂടെ അവർ ദൈവത്തിൽ മറഞ്ഞിരിക്കുന്നത്. ഭൂമിയിൽ അവർ അന്യരായിരുന്നു; എന്നാൽ ആത്മിയമായി അവർ യേശുവിനോടുകൂടെ സ്വർഗത്തിൽ പോകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു, കാരണം അവരുടെ പൗരത്വം സ്വർഗത്തിലാണ് (ഫിലി. 3:20). അവരുടെ ശരീരങ്ങൾ യേശുവിന്റെ തേജസ്ക്കരിക്കപ്പെട്ട ശരീരത്തോട് അനുരൂപപ്പെടും. രക്ഷിക്കപ്പെട്ട മറ്റെല്ലാവരേയും പോലെ, അവരും എല്ലാ കുഴപ്പങ്ങളിൽനിന്നും ഭൗമിക ശരീരങ്ങളിൽനിന്നും വിടുതൽ പ്രാപിച്ച് ആത്മിയ ശരീരങ്ങളോടുകൂടെ ആകും (1 കൊ. 15:42, 43; 2 കൊ. 5:1, 2).

## പ്രായോഗികത

### ക്രിസ്തുവിനോടുകൂടെ ഉയർന്നേറ്റവർക്ക് പുതിയ ദിശയുണ്ട് (3:1, 2)

കൊലൊസ്യർ സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റു (വാ. 1; 2:12). എങ്ങനെയായാലും, അവനോടുകൂടെ ഉയർത്തെഴുന്നേറ്റയുടനെ അവർ പക്വതയിൽ എത്തുന്നില്ല. ക്രിസ്തീയ സ്വഭാവം ക്ഷമയോടെ വളർത്തി എടുക്കേണ്ട ഒന്നാണ്. അതിനു ജീവിതത്തോട് യേശുവിന്റെ സ്വർഗ്ഗീയ സമീപനത്തിൽ ശ്രദ്ധ ചെലുത്തണം. പുതുതായി ജനിച്ച ക്രിസ്ത്യാനികൾ തങ്ങളുടെ ആത്മീയ ജീവിതം ആരംഭിക്കുന്നത് സ്നാനത്താലാണ് (യോഹ. 3:3-5). അവർ ആത്മീയമായി വളരുവാൻ ദൈവം വചനം എന്ന പാൽ അവർക്ക് ആവശ്യമാണ് (1 പത്രൊ. 2:2).

ക്രിസ്തു ഇരിക്കുന്ന പ്രതലത്തിലായിരിക്കണം ക്രിസ്ത്യാനികൾ ശ്രദ്ധ ചെലുത്തേണ്ടത് (വാ. 1, 2). നമ്മുടെ താൽപര്യം ലോകത്തോടായിരിക്കരുത്, ദൈവീക കാര്യങ്ങളോടായിരിക്കണം (1 യോഹ. 2:15-17). ഭൗമിക സമ്പാദ്യങ്ങളോട് നാം കൂടുതൽ ബന്ധിതരാകരുത്. സ്വർഗ്ഗീയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതോടെ നമുക്കു അത് ഒഴിവാക്കുവാൻ കഴിയും. കപ്പിത്താന് കപ്പലിന്റെ ലക്ഷ്യ സ്ഥാനം അറിഞ്ഞാൽ മാത്രമേ കപ്പൽ തുറമുഖത്ത് എത്തിക്കുവാൻ കഴിയു. തന്റെ ലക്ഷ്യത്തെ വ്യതിചലിപ്പിക്കുന്ന രസാവഹമായ പലതും നേരിട്ടേക്കാം, എന്നാൽ തന്റെ യാത്ര വിജയകരമായി പൂർത്തിയാക്കിയാലേ കപ്പൽ ലക്ഷ്യ സ്ഥാനത്ത് എത്തിക്കുവാൻ കഴിയു.

നാം സ്വർഗ്ഗീയ പ്രതലത്തിലെ കാര്യങ്ങളാണ് അന്വേഷിക്കേണ്ടത്. ക്രിസ്ത്യാനികളായ നമ്മുടെ ലക്ഷ്യം ഉയർന്നതാണ്: നാം ജീവിതാവസാനം വരെ തുടർച്ചയായി പരിശ്രമിച്ചാലും, ക്രിസ്തുവിന്റെ-സ്വഭാവം എല്ലാം നമ്മിൽ

വരണമെന്നില്ല. എല്ലാ രീതിയിലും, യേശുവിനെ പോലെ കൂടുതൽ കൂടുതലാകുവാൻ പരിശ്രമിക്കുക എന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ മനോഹാരിത.

ക്രിസ്ത്യാനികൾ ഒരിക്കലും ക്രിസ്തുവിന്റെ പക്വതയിൽ പൂർണ്ണരാകുകയില്ല; പൂർണ്ണതയിലെത്തുകയില്ലെങ്കിലും യേശുവിന്റെ പിൻഗാമികളുടെ ലക്ഷ്യം അതായിരിക്കണം. ഏറ്റവും-ഉയർന്നു ചാടുന്ന ഒരാൾ, ചാടുവാൻ ഉപയോഗിക്കുന്ന വടി ഉയർത്തി ഉയർത്തിയാണ് പരിശീലിക്കുന്നത്. അതുപോലെ പൗലൊസ് ഏറ്റവും നന്നായി ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കുന്നതിനു ശ്രമിക്കുകയായിരുന്നു (ഫിലി. 3:12-14).

ക്രിസ്ത്യാനികൾക്കുള്ള മാതൃക ക്രിസ്തുവാണ് (1 കൊ. 11:1; 1 യോഹ. 2:6). ഒരു ചിത്രകാരൻ ചിത്രം വരക്കുമ്പോൾ, സാധാരണ ഒരു രൂപത്തിന്റെ വിശദീകരണം പുറപ്പെടുവിക്കും. അതിന് പൂർണ്ണമായ പ്രതിരൂപം വരുന്നതുവരെ അയാൾ ശ്രദ്ധയോടെ അതിൽ പൂർണ്ണത വരുത്തുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കും. യേശുവിന്റെ ആത്മിയ യോഗ്യതകൾ സ്വീകരിക്കുവാൻ ക്രിസ്ത്യാനികൾ അതുപോലെ പരിശ്രമിച്ചുകൊണ്ടിരിക്കണം (എഫെ. 4:13).

### ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്ന ജീവൻ (3:3)

റോമയിലുള്ള ക്രിസ്ത്യാനികൾ സ്നാനത്താൽ ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളായി, ആത്മിയമായി പാപസംബന്ധമായി മരിക്കുകയും പാപത്തിൽനിന്നു മോചനം പ്രാപിച്ച് ജീവന്റെ പുതുക്കം പ്രാപിച്ചതായി പൗലൊസ് പറഞ്ഞു (റോമർ 6:3, 4, 17, 18). സ്നാനസമയത്ത്, കഴിഞ്ഞകാല ജീവിതം അവസാനിക്കുകയും ക്രിസ്തുവിൽ പുതിയ ജീവിതം ആരംഭിക്കുകയും ചെയ്തു (വാ. 3). ഒരിക്കലും കുളിച്ചിട്ടില്ലാത്ത ഒരു മനുഷ്യനെ സങ്കൽപിച്ച് പ്രായോഗികത വരുത്തുക: ഒരു ആത്മിയ സ്നാനത്താൽ കഴിഞ്ഞ കാല അഴുക്കുകൾ അഥവാ പാപങ്ങൾ എല്ലാം നീങ്ങുന്നു.

ക്രിസ്ത്യാനികളുടെ അഭയസ്ഥാനം ദൈവത്തിൽ ക്രിസ്തുവിനോടുകൂടെയുള്ള ശരണസ്ഥാനമാണ്. നാം അവനെ നമ്മുടെ അഭയകേന്ദ്രമായി സ്വീകരിച്ചാൽ പിന്നെ, ലോകത്തിലെ ദുഷിച്ച പരിശീലനങ്ങൾ നമ്മെ കീഴ്പ്പെടുത്തുകയില്ല. നാം ദൈവത്തിൽ ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നേടത്തോളം, അവ നമ്മെ വഴി തെറ്റിക്കാത്തവിധത്തിൽ നമ്മെ മറച്ചിരിക്കുകയാണ് (വാ. 3).

### ക്രിസ്തു മടങ്ങി വരുമ്പോൾ നമുക്ക് തേജസ്കരണം (3:4)

തേജസ്കരിക്കപ്പെട്ടവരായി ക്രിസ്ത്യാനികളെ ഇപ്പോഴത്തെ ലോകം കാണുകയില്ല, കാരണം ഭാവിയിൽ സംഭവിക്കുവാനുള്ള തേജസ് നമുക്ക് ഇപ്പോഴില്ല. നമ്മെ ദൈവ മക്കളായി തിരിച്ചറിയുകയില്ല എന്ന അർത്ഥത്തിലാണ് നാം ലോകത്തിൽ മറഞ്ഞിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നത് (1 യോഹ. 3:1). നമ്മെ തേജസിൽ എടുക്കുവാൻ ക്രിസ്തു മടങ്ങി വരുമ്പോൾ, പിന്നെ നാം മറഞ്ഞിരിക്കാതെ, അവന്റെ രൂപത്തോട് അനുരൂപമാകുകയും, അവനോടുകൂടെ ആകുകയും ചെയ്യും (വാ. 4; ഫിലി. 3:21; 1 യോഹ. 3:2).

നശിച്ചുകൊണ്ടിരിക്കുന്ന ഈ താൽക്കാലികമായ ലോകം അവസാനിച്ച് അന്തിമ ലക്ഷ്യത്തിലെത്തുവാനാണ് ക്രിസ്ത്യാനികൾ നോക്കിയിരിക്കുന്നത് (2 കൊ. 4:18). "തേജസിന്റെ നിത്യ ഘനത്തെ" താരതമ്യം ചെയ്യുമ്പോൾ, ഈ ലോകത്തിലെ കഷ്ടതകളും പരീക്ഷണങ്ങളും നിസാരമാണ് (2 കൊ. 4:17).

കുറിപ്പുകൾ

[1]കൂടാതെ നോക്കുക, റോമ. 12:1; 1 കൊ. 15:58; 2 കൊ. 5:17; ഗലാ. 5:1; എഫെ. 4:1 ഫിലി. 4:1. [2]ജെ. ബി. ലൈറ്റ്ഫുട്ട്, *സെന്റ്. പോൾസ് എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ*, റെവ. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1916), 207. [3]റോബർട്ട് ജി. ബാച്ചർ ആന്റ് യൂജീൻ ഏ.നിഡാ, *ഏ ട്രാൻസ്ലേറ്റേഴ്സ് ഹാൻഡ്ബുക്ക് ഓൺ പോൾസ് ലെറ്റേഴ്സ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ*, ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യു യോർക്ക്: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1977), 74. [4]നോക്കുക, പ്രവൃ. 2:34; 5:31; 7:55; റോമ. 8:34; എഫെ. 1:20; എബ്രാ. 1:3; 8:1; 10:12; 12:2; 1 പത്രൊ. 3:21, 22. [5]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ക്രിസ്ത്യൻ ലിറ്ററേച്ചർ* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 1065. [6]നോക്കുക, മത്താ. 10:30; മർ. 8:17; ലൂക്കൊ. 6:22, 38; യോഹ. 14:1; യാക്കൊ. 4:14. [7]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ, ന്യൂ ടെസ്റ്റമെന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1964), 141. [8]നോക്കുക, യോഹ. 11:25; 14:6; 20:31; 2 കൊ. 4:10–12; 2 തിമൊ. 1:1. [9]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, *കമെന്ററി ഓൺ തെസലോണിയൻസ്, കൊരിന്ത്യൻസ്, ഗലേഷ്യൻസ് ആന്റ് റോമൻസ്* (സിൻസിനാറ്റി: സ്റ്റാൻഡാർഡ് പബ്ലിഷിങ് ഫൗണ്ടേഷൻ, എൻ. ഡി.), 20. [10]കൂടാതെ നോക്കുക, മത്താ. 25:31, 32; 2 കൊ. 5:10; വെളി. 20:11, 12.

[11]മത്താ. 25:31–46; യോഹ. 5:22; പ്രവൃ. 10:42; 17:31; 2 കൊ. 5:10; 2 തിമൊ. 4:1.